എൻ.എം(എ)1-9375/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 29-06-2020

## സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതി - ഗുണഭോക്താക്കളായ കുട്ടികൾക്ക് ഭക്ഷ്യ സുരക്ഷ അലവൻസ് – ഭക്ഷ്യകിറ്റ് വിതരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**സൂചന:-** **1.** 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ ആക്ട്.
**2.** 19-06-2020 ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം.2082/2020/പൊ.വി.വ.

സൂചന (2) ലെ സർക്കാർ ഉത്തരവിൻ പ്രകാരം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട പ്രീ-പ്രൈമറി മുതൽ 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേനലവധിക്കാലത്തേയ്ക്ക് ഭക്ഷ്യ ഭദ്രതാ അലവൻസ് (Food Security Allowance) അനിവദിച്ചിരിക്കുന്നു. അർഹതപ്പെട്ട ഭക്ഷ്യധാന്യവും (അരി) കുക്കിംഗ് കോസ്റ്റും (പാചകചെലവിനുള്ള തുക) ചേരുന്നതാണ് ഭക്ഷ്യ ഭദ്രതാ അലവൻസ്.

2020 ഏപ്രിൽ, മെയ് മാസങ്ങളിലെ 39 ദിവസങ്ങൾക്കാണ് കുട്ടികൾക്ക് ഭക്ഷ്യഭദ്രതാ അലവൻസ് അനുവദിച്ചിരിക്കുന്നത്. ഇതോടൊപ്പം മാർച്ച് മാസത്തിലെ 15 സ്കൂൾ പ്രവർത്തി ദിനങ്ങളിലേയ്ക്കുള്ള (അടച്ചിടൽമൂലം നഷ്ടപ്പെട്ട) കുക്കിംഗ് കോസ്റ്റ് കൂടി അനുവദിച്ചിട്ടുണ്ട്.

ഭക്ഷ്യധാന്യവും അതോടൊപ്പം 9 ഇന മറ്റ് ഭക്ഷ്യവസ്തുക്കളുമടങ്ങുന്ന ഭക്ഷ്യകിറ്റുകളായാണ് ഭക്ഷ്യഭദ്രതാ അലവൻസ് വിതരണം ചെയ്യുന്നത്. 2019-20 വർഷത്തെ ഫീഡിംഗ് സ്ട്രെങ്ത് അടിസ്ഥാനപ്പെടുത്തിയാണ് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നത്. അതായത് 2019-20 വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ പേര് ചേർത്തിട്ടുള്ള പ്രീ-പ്രൈമറി മുതൽ 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കാണ് വേനലവധിക്കാലത്തേയ്ക്കുള്ള ഭക്ഷ്യകിറ്റുകൾ നൽകുന്നത്.

പ്രീ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി എന്നിങ്ങനെ തിരിച്ച് 3 തരത്തിലുള്ള ഭക്ഷ്യകിറ്റുകളാണ് കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. ഇതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| വിഭാഗം | കിറ്റിൽ ഉൾപ്പെടുന്ന ഭക്ഷ്യ വസ്തുക്കൾ |
|---|---|
| പ്രീ പ്രൈമറി - Kit A | 1.2 കിലോഗ്രാം അരി + 297.50 രൂപയ്ക്കുള്ള 9 ഇന പലവ്യഞ്ജനങ്ങൾ |
| പ്രൈമറി (1 മുതൽ 5-ാം ക്ലാസ്സുവരെ) – Kit B | 4 കിലോഗ്രാം അരി + 299.50 രൂപയ്ക്കുള്ള 9 ഇന പലവ്യഞ്ജനങ്ങൾ |
| അപ്പർ പ്രൈമറി (6 മുതൽ 8-ാം ക്ലാസ്സുവരെ) – Kit C | 6 കിലോഗ്രാം അരി + 399.50 രൂപയ്ക്കുള്ള 9 ഇന പലവ്യഞ്ജനങ്ങൾ |

ചെറുപയർ, കടല, തുവരപരിപ്പ്, മുളകുപൊടി, മല്ലിപൊടി, മഞ്ഞൾപൊടി, ആട്ട, പഞ്ചസാര, ഉപ്പ് എന്നീ 9 ഇന ഭകഷ്യവസ്തുക്കളാണ് ഭക്ഷ്യധാന്യത്തിനു പുറമേ കിറ്റുകളിൽ ഉൾപ്പെടുത്തുന്നത്. ഓരോ കിറ്റിലും ഉള്ള ഇവയുടെ അളവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഐറ്റം | അളവ് | | |
|---|---|---|---|---|
| | | കിറ്റ് A (പ്രീ പ്രൈമറി വിഭാഗത്തിനുള്ളത്) | കിറ്റ് B (പ്രൈമറി വിഭാഗത്തിനുള്ളത്) | കിറ്റ് C (അപ്പർ പ്രൈമറി വിഭാഗത്തിനുള്ളത്) |
| 1 | ചെറുപയർ | 500 ഗ്രാം | 500 ഗ്രാം | 1 കിലോ ഗ്രാം |
| 2 | കടല | 500 ഗ്രാം | 500 ഗ്രാം | 500 ഗ്രാം |
| 3 | തുവര പരിപ്പ് | 500 ഗ്രാം | 500 ഗ്രാം | 1 കിലോ ഗ്രാം |
| 4 | മുളക്പൊടി | 100 ഗ്രാം | 100 ഗ്രാം | 100 ഗ്രാം |
| 5 | മല്ലിപൊടി | 100 ഗ്രാം | 100 ഗ്രാം | 100 ഗ്രാം |
| 6 | മഞ്ഞൾപൊടി | 100 ഗ്രാം | 100 ഗ്രാം | 100 ഗ്രാം |
| 7 | ആട്ട | 1 കിലോ ഗ്രാം | 1 കിലോ ഗ്രാം | 1 കിലോ ഗ്രാം |
| 8 | പഞ്ചസാര | 1 കിലോ ഗ്രാം | 1 കിലോ ഗ്രാം | 1 കിലോ ഗ്രാം |
| 9 | ഉപ്പ് | 1 കിലോ ഗ്രാം | 1 കിലോ ഗ്രാം | 1 കിലോ ഗ്രാം |

ഭക്ഷ്യകിറ്റ് തയ്യാറാക്കി സപ്ലൈകോ അധികൃതർ സ്കൂളുകളിൽ എത്തിച്ച് നൽകുന്നതാണ്. സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി അംഗങ്ങൾ, പി.ടി.എ അംഗങ്ങൾ, എസ്.എം.സി അംഗങ്ങൾ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരുടെ സഹായത്തോടെ കുട്ടികളുടെ രക്ഷിതാക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്യുവാനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ജൂലൈ ആദ്യവാരത്തോടെ ഭക്ഷ്യകിറ്റ് വിതരണം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഭക്ഷ്യകിറ്റുകളുടെ വിതരണവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

## I. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൂൺമീൽ ഓഫീസർമാർക്കുമുള്ള നിർദ്ദേശങ്ങൾ:-

എ). ഭക്ഷ്യകിറ്റ് വിതരണം ജൂലൈ ആദ്യവാരത്തോടെ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ളിൽ, കിറ്റുകൾ തയ്യാറാക്കി സ്കൂളുകളിൽ എത്തിക്കുമെന്നാണ് സപ്ലൈകോ അധികൃതർ അറിയിച്ചിട്ടുള്ളത്. ഭക്ഷ്യകിറ്റ് വിതരണം സംബന്ധിച്ച അറിയിപ്പ് ഉപജില്ലയുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും അടിയന്തിരമായി നൽകേണ്ടതും ആവശ്യമായ ക്രമീകരണങ്ങൾ സ്കൂൾതലത്തിൽ ഏർപ്പെടുത്തുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. കൃത്യമായ എണ്ണം ഭക്ഷ്യകിറ്റുകൾ ലഭ്യമാക്കുന്നതിനും തുടർന്ന് സമയബന്ധിതമായി കിറ്റുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനും സ്കൂൾതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ മുഖാന്തിരം ഉപജില്ലയുടെ പരിധിയിൽ വരുന്ന പ്രഥമാദ്ധ്യാപകർ / ചാർജ്ജുള്ള അദ്ധ്യാപകർ, സ്കൂൾ പി.ടി.എ പ്രസിഡന്റുമാർ എന്നിവരുമായി ആശയവിനിമയം നടത്തേണ്ടതാണ്.

ബി). നിലവിലെ സാഹചര്യത്തിൽ, കുട്ടികളുടെ രക്ഷിതാക്കൾക്കാണ് സ്കൂളുകളിൽ നിന്ന് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നത്. ഇതിനായി ഓരോ ഡിവിഷനുമുള്ള ഭക്ഷ്യകിറ്റ് വിതരണം സംബന്ധിച്ച സമയക്രമം സ്കൂളുകൾക്ക് തന്നെ തീരുമാനിക്കാവുന്നതും ടി വിവരം മുൻകൂട്ടി രക്ഷിതാക്കളെ അറിയിക്കേണ്ടതുമാണ്. തുടർന്ന് കൃത്യമായ സാമൂഹിക അകലം ഉറപ്പുവരുത്തിക്കൊണ്ട് ഭക്ഷ്യകിറ്റ് വിതരണം നടത്തേണ്ടതാണ്. ഈ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും നൂൺമീൽ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

സി). ഭക്ഷ്യകിറ്റുകളുടെ സുഗമമായ വിതരണത്തിന് ഉച്ചഭക്ഷണ കമ്മിറ്റി അംഗങ്ങൾ, പി.ടി.എ അംഗങ്ങൾ, എസ്.എം.സി അംഗങ്ങൾ, മദർ പി.ടി.എ അംഗങ്ങൾ എന്നിവരുടെ പരിപൂർണ്ണ സഹകരണം ഉറപ്പുവരുത്തുവാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

ഡി). സോഫ്റ്റ്‌വെയർ മുഖാന്തിരം ഭക്ഷ്യകിറ്റിനുള്ള ഇൻഡന്റുകൾ 29-06-2020 മുതൽ പാസ്സാക്കി ബന്ധപ്പെട്ട മാവേലി സ്റ്റോർ / സപ്ലൈകോ ഡിപ്പോകൾക്ക് നേരിട്ട് എത്തിച്ച് നൽകേണ്ടതാണ്. സോഫ്റ്റ്‌വെയർ മുഖാന്തിരം ഇൻഡന്റ് പാസ്സാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മിഡ് ഡേ മീൽ സോഫ്റ്റ്‌വെയറിൽ Services എന്ന മെനു സെലക്ട് ചെയ്ത് Indent എന്ന സബ് മെനു ക്ലിക്ക് ചെയ്യുക. Indent സെക്ഷൻ ഓപ്പൺ ആകുന്നതാണ്.

2. Food Security Allowance (March 2020 & Summer Vacation) ക്ലിക്ക് ചെയ്തതിനുശേഷം View ബട്ടൺ ക്ലിക്ക് ചെയ്യുക. ഉപജില്ലയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലേയും കുട്ടികളുടെ വിവരങ്ങളും അതോടൊപ്പം കുട്ടികളുടെ എണ്ണവും കാണാവുന്നതാണ്.

3. ടി വിൻഡോയുടെ ഏറ്റവും മുകളിലായി കാണുന്ന Pass Indent (പച്ച നിറം) ക്ലിക്ക് ചെയ്ത് ഫുഡ് സക്യൂരിറ്റി അലവൻസ് ഇൻഡന്റ് പാസ്സാക്കാവുന്നതാണ്.

4. ഇൻഡന്റ് പാസ്സാക്കിയതിനു ശേഷം Indent സെക്ഷനിലെ Print Food Security Allowance (March 2020 & Summer Vacation) ക്ലിക്ക് ചെയ്യുക. തുടർന്ന് Maveli wise Indent View ക്ലിക്ക് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് ബന്ധപ്പെട്ട മാവേലിസ്റ്റോറിന് നൽകേണ്ടതാണ്.

ഇ). സ്കൂളുകളിൽ ലഭിച്ച ഭക്ഷ്യകിറ്റുകളും അവയുടെ വിതരണവും സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തുന്നതിന് സ്കൂളുകൾക്ക് മിഡ് ഡേ മീൽ സോഫ്റ്റ്‌വെയറിൽ പ്രത്യേക പ്രൊവിഷൻ നൽകുന്നതാണ്.

എഫ്). ഭക്ഷ്യകിറ്റ് വിതരണം ആരംഭിക്കേണ്ട തീയതി സംബന്ധിച്ച അറിയിപ്പ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തിരം ഈ കാര്യാലയത്തിൽ നിന്നും നൽകുന്നതാണ്. അതിനുശേഷം മാത്രമേ സ്കൂളുകളിൽ ഭക്ഷ്യകിറ്റ് വിതരണം ആരംഭിക്കുവാൻ പാടുള്ളൂ.

ജി). ബന്ധപ്പെട്ട ജില്ലാ ഭരണകൂടത്തിന്റെ അനുമതിയ്ക്ക് വിധേയമായും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും മാത്രമേ ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലും കണ്ടെയ്ൻമെന്റ് സോണുകളിലും ഭക്ഷ്യകിറ്റ് വിതരണം നടത്തുവാൻ പാടുള്ളൂ.

## II. ഉപഡയറക്ടർമാർക്കും ജില്ലാ നൂൺഫീഡിംഗ് സൂപ്പർവൈസർമാർക്കുമുള്ള നിർദ്ദേശങ്ങൾ:-

എ). സപ്ലൈകോയുടെ താലൂക്ക് ഡിപ്പോകളുടെ നേതൃത്വത്തിലാണ് ഭക്ഷ്യകിറ്റ് തയ്യാറാക്കി വിതരണം നടത്തുന്നത്. താലൂക്ക് ഡിപ്പോ മാനേജരുമായി ബന്ധപ്പെട്ട് ഭക്ഷ്യകിറ്റ് തയ്യാറാക്കലിന്റെയും സ്കൂളുകളിലേക്കുള്ള വിതരണത്തിന്റെയും പുരോഗതി ദൈനംദിനാടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതും Status Report 01-07-2020 മുതൽ എല്ലാ ദിവസവും 3 PM നു മുമ്പായി ഇ-മെയിൽ മുഖാന്തിരം (supdtnma.dge@kerala.gov.in) ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. സപ്ലൈകോ താലൂക്ക് ഡിപ്പോ മാനേജർമാരുടെ ഫോൺ നമ്പരുകൾ ഇതോടൊപ്പം Annexure I ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി). ഭക്ഷ്യകിറ്റുകൾ pack ചെയ്യുന്നതിനായി സ്കൂളുകളിൽ സ്ഥലസൗകര്യം ലഭ്യമാക്കണമെന്ന് സപ്ലൈകോ അപേക്ഷിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്ത് ഏതൊക്കെ സ്കൂളുകളിലാണ് അത്തരം സൗകര്യം നൽകേണ്ടത് എന്നത് സംബന്ധിച്ച് ഡിപ്പോ മാനേജർമാരുമായി ആലോചിച്ച് ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. കണ്ടെയ്ൻമെന്റ് സോണുകളിലും ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലും സ്ഥിതിചെയ്യുന്ന സ്കൂളുകളെ ഇതിനായി തെരഞ്ഞെടുക്കരുത്.

സി). ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സ്കൂളുകളുടെ വിശദമായ ലിസ്റ്റ് 2019-20 ലെ പ്രീ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി തിരിച്ചുള്ള ഫീഡിംഗ് സ്ട്രെങ്ത് സഹിതം സപ്ലൈകോ അധികൃതർക്ക് ഈ കാര്യാലയത്തിൽ നിന്ന് ഇതിനോടകം നൽകിയിട്ടുണ്ട്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സോഫ്റ്റ്വെയറിൽ നിന്ന് ഇൻഡന്റ് പാസ്സാക്കി (29-06-2020 (തിങ്കളാഴ്ച) മുതൽ) ബന്ധപ്പെട്ട മാവേലി സ്റ്റോർ/ ഡിപ്പോകൾക്ക് നൽകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഡി). വിതരണം ആരംഭിക്കുന്നതിനു മുൻപായി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്നതും ജില്ലയുടെ പരിധിയിൽ വരുന്നതുമായ എല്ലാ സ്കൂളുകളിലും ആവശ്യമായ എണ്ണം ഭക്ഷ്യകിറ്റ് ലഭ്യമായിട്ടുണ്ടോയെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം ഉറപ്പുവരുത്തേണ്ടതും ടി വിവരം കൃത്യമായി ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഭക്ഷ്യകിറ്റ് വിതരണവുമായി ബന്ധപ്പെട്ട കൂടുതൽ നിർദ്ദേശങ്ങൾ വരും ദിവസങ്ങളിൽ പുറപ്പെടുവിക്കുന്നതാണ്.

ഭക്ഷ്യകിറ്റ് മുഖാന്തിരം ഏപ്രിൽ, മെയ് മാസങ്ങളിലെ ഫുഡ് സെക്യൂരിറ്റി അലവൻസ് കുട്ടികൾക്ക് വിതരണം ചെയ്യുന്ന പദ്ധതി പരിപൂർണ്ണ വിജയമാക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരും ആത്മാർത്ഥമായ പരിശ്രമം നടത്തണമെന്ന് അപേക്ഷിക്കുന്നു.

ഭക്ഷ്യകിറ്റ് വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ല, ഉപജില്ല തലങ്ങളിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കുന്നതിനും സംശയനിവാരണങ്ങൾക്കുമായി ഈ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ. സജീകൃഷ്ണൻ.കെയുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണ വിഭാഗത്തിൽ പ്രത്യേക ടീം രൂപികരിച്ചിട്ടുണ്ട്. ടീമംഗങ്ങളുടെ പേരുകളും ഫോൺ നമ്പരുകളും ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1. | ശ്രീ. സജീകൃഷ്ണൻ.കെ | (ടീം ലീഡർ) | - | 9746374441 |
| 2. | ശ്രീ. വിബീഷ് പി.ആർ | | - | 7907145871 |
| 3. | ശ്രീ. ദിലീപ് ഡി.ദിനേഷ് | | - | 6282919072 |
| 4. | ശ്രീ. നവീൻ അലക്സ് | (കമ്പ്യൂട്ടർ പ്രോഗ്രാമർ) | - | 8943797924 |

ജീവൻ ബാബു.കെ.ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. കരുതൽ ഫയൽ / അധികം